LIBRARY ARCHIVES Kerala Legislative Assembly

സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പ

113 (453) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് :

ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദിഗ്രാമവ്യവസായവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൊഴിൽരഹിതരായ യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് കുറഞ്ഞ പലിശ നിരക്കിൽ ദീർഘകാല വായ്പകൾ സഹകരണ ബാങ്കുകളിലൂടെ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

തൊഴിൽരഹിതരായ യുവജനങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് മിതമായ പലിശനിരക്കിൽ ഹ്രസ്വകാല/ദീർഘകാല വായ്പകൾ സഹകരണ ബാങ്കുകളിലൂടെ നൽകിവരുന്നുണ്ട്.

ക്രമപ്രകാരമുള്ള അപേക്ഷകൾ പദ്ധതി റിപ്പോർട്ടസഹിതം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ വിജയ സാധ്യത പരിശോധിച്ച് വായ്പ അനുവദിക്കാറുണ്ട്.

സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോർ

114 (454) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സംസ്ഥാനത്ത് സഞ്ചരിക്കുന്ന എത്ര ത്രിവേണി സ്റ്റോറുകളുണ്ട് ; ജില്ലാടിസ്ഥാനത്തിലുള്ള വിവരം നൽകാമോ ;

(ബി) നിലവിൽ പ്രസ്തുത മേഖലയിൽ ജോലിചെയ്തുവരുന്ന ജീവനക്കാരുടെയും, താല്ക്കാലിക ജീവനക്കാരുടെയും തസ്തിക തിരിച്ചുള്ള കണക്കുകൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ ;

(സി) വാഹനങ്ങളുടെ എണ്ണം, ഇനം ഇവയുൾപ്പെടെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾക്കായുള്ള വാഹനങ്ങൾ വാങ്ങുന്നതിലേക്കായി നാളിതുവരെ എന്ത് തുക ചെലവിട്ടുവെന്ന് കൃത്യമായ കണക്ക് ലഭ്യമാക്കുമോ ;

(ഡി) വാഹനങ്ങളുടെ മെയിന്റനൻസിനായി എന്ത് തുക ചെലവാക്കി യെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിൽ സംസ്ഥാനത്ത് 121 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	സഞ്ചരിക്കുന്ന ത്രിവേണികളുടെ എണ്ണം
1	തിരുവനന്തപുരം	14
2	കൊല്ലം	11
3	ആലപ്പുഴ	8
4	പത്തനംതിട്ട	5
5	കോട്ടയം	9
6	ഇടുക്കി	5
7	എറണാകുളം	7
8	തൃശ്ശൂർ	13
9	പാലക്കാട്	8
10	മലപ്പുറം	16
11	കോഴിക്കോട്	13
12	വയനാട്	3
13	കണ്ണൂർ	9
14	കാസർഗോഡ്	0
	ആകെ	121

(ബി) മൊബൈൽ ത്രിവേണികളിൽ (സഞ്ചരിക്കുന്ന ത്രിവേണി) ജോലി ചെയ്യുന്നവരുടെ ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും (ജില്ലാടിസ്ഥാനത്തിൽ തസ്തിക തിരിച്ചുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു:

ക്രമ നമ്പർ	ജില്ല	സെയിൽസ് ഹെൽപ്പർ	ദിവസ വേതനക്കാർ
1	തിരുവനന്തപുരം	2	39
2	കൊല്ലം	3	31
3	പത്തനംതിട്ട	--	16
4	ആലപ്പുഴ	2	25
5	കോട്ടയം	--	19
6	ഇടുക്കി	--	6
7	എറണാകുളം	1	13
8	തൃശ്ശൂർ	2	33
9	പാലക്കാട്	--	26
10	മലപ്പുറം	3	34
11	കോഴിക്കോട്	2	33
12	വയനാട്	--	6
13	കണ്ണൂർ	--	19
14	കാസർഗോഡ്	--	--
	ആകെ	15	300

(സി) 142 മൊബൈൽ ത്രിവേണി വാഹനങ്ങളാണ് ഇപ്പോൾ കൺസ്യൂമർ ഫെഡറേഷന് ഉള്ളത്. ഇവ ടാറ്റാ എൽ.പി.റ്റി. 709 ട്രക്ക് ഇനത്തിൽപ്പെട്ടവയാണ്. സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾക്കായുള്ള വാഹനങ്ങൾ വാങ്ങുന്നതിലേയ്ക്കായി 11.47 കോടി രൂപാ ചെലവിട്ടിട്ടുണ്ട്.

(ഡി) മൊബൈൽ ത്രിവേണി വാഹനങ്ങളുടെ ദൈനംദിന മെയിന്റനൻസിനായി 2011-12 വർഷം മുതൽ നാളിതുവരെ 52.34 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly